കേരള

# പ്രൈവററ് കോളേജ് ടീച്ചർ

എ. കെ. പി. സി. ടി. എ. ജേർണൽ
1980 നവമ്പർ

## അറിയിപ്പുകൾ

### ട്രഷററർക്കുളള കത്തുകൾ

എ. കെ. പി. സി. ടി. എ. ട്രഷറർ പ്രൊഫ. എൻ. ഭാർഗവനെ വർക്കലനിന്നും കണ്ണൂർ എസ്. എൻ. കോളേജിലേയ്ക്ക് സ്ഥലംമാററിയിരിയ്ക്കയാണ്. അദ്ദേഹത്തിനുള്ള കത്തുകഠം സരസ്വതിഭവൻ, മുണ്ടയ്ക്കൽ, കൊല്ലം-1 എന്ന വിലാസത്തിൽ അയയ്ക്കുക.

### *TEACHERS' MOVEMENT*

AIFUCTOയുടെ പ്രസിദ്ധീകരണമാണ് Teachers' Movement. വാർഷിക വരിസംഖ്യ 6 രൂപ. കഴിയുന്നത്ര അധ്യാപകർ ഈ ജേർണലിൻെറ വരിക്കാരാകുവാൻ അഭ്യർത്ഥിയ്ക്കുന്നു. മേൽവിലാസം:

Mrinmoy Bhattacharyya
General Secretary, AIFUCTO
15, Brindaban Mallik Lane
Calcutta-700 009.

Teachers' Movement ൻെറ എഡിറേറാറിയൽ ബോർഡിലേയ്ക്ക് എ.കെ.പി.സി.ടി.എ. ജനറൽ സെക്രട്ടറി പ്രൊഫ. ജി. മാധവൻ നായരെ നോമിനേററു ചെയ്തിട്ടുണ്ട്.

### കേരള പ്രൈവററ് കോളേജ്ടീച്ചർ

എ. കെ. പി. സി. ടി. എ. ജേർണലിന് വരിസംഖ്യ ഇനിയും അയച്ചുതന്നിട്ടില്ലാത്ത ബ്രാഞ്ചുകഠം ഉടൻതന്നെ അയയ്ക്കണം. അഞ്ചുരൂപയാണ് വാർഷിക വരിസംഖ്യ. ജേർണൽ, അംഗങ്ങഠംക്ക് നേരിട്ട് അയച്ചുകൊടുക്കും.

വരിസംഖ്യ, മണിയോർഡറായോ ചെക്കായോ ചീഫ് എഡിറററുടെ പേർക്ക് താഴെകൊടുത്തിരിയ്ക്കുന്ന വിലാസത്തിൽ അയയ്ക്കുക. 'വസന്തം' ചെമ്പകശേരി ലെയിൻ, കേശവദാസപുരം തിരുവനന്തപുരം—4.

### വാർത്തകൾ, ലേഖനങ്ങൾ

ജേർണൽ ഓരോ മാസവും 15—ാംതീയതിയാണ് പ്രസിദ്ധീകരിക്കുക. വാർത്തകളും, ലേഖനങ്ങളും 5—ാം തീയതിക്കുമുമ്പു കിട്ടത്തക്കവണ്ണം അയച്ചിരിക്കണം.

### വാർഷികപ്പതിപ്പ്

കേരള പ്രൈവററ് കോളേജ് ടീച്ചർ വരുന്ന മാർച്ചിൽ ഒരു വാർഷികപ്പതിപ്പു പ്രസിദ്ധീകരിക്കുന്നു.

വിദ്യാഭ്യാസ — കലാ — സാഹിത്യരംഗങ്ങളെക്കുറിച്ചുള്ള ശ്രദ്ധേയങ്ങളായ പഠനങ്ങഠം ഈ പ്രസിദ്ധീകരണത്തിലുണ്ടായിരിക്കും.

വാർഷികപ്പതിപ്പിലേയ്ക്ക് മാറററും പരസ്യവും ശേഖരിച്ച് ചീഫ് എഡിറററർക്ക് എത്തിച്ചുതരണമെന്ന് അഭ്യർത്ഥിയ്ക്കുന്നു. പരസ്യ വിവരങ്ങഠംക്ക് ജേർണലിൻെറ പുറംപേജ് കാണുക.

### വെൽഫയർട്രസ്ററ്

എ. കെ. പി. സി. ടി. എ. വെൽഫയർ ട്രസ്ററിലേക്കുള്ള പണം അയയ്ക്കേണ്ടത് **'എ. കെ. പി. സി. ടി. വെൽഫയർ ട്രസ്ററ്'** എന്ന പേരിലാണ്. പണത്തോടൊപ്പം പൂരിപ്പിച്ച അപേക്ഷാഫോറവും ഉണ്ടായിരിക്കണം. ജനറൽ സെക്രട്ടറിയ്ക്കാണ് അയയ്ക്കേണ്ടത്. ഭാഗികമായി പിരിച്ചെടുക്കുന്ന തുകയും, ട്രസ്ററ്ഫണ്ടിൽ നിക്ഷേപിക്കുന്നതിനായി, കിട്ടുന്ന മുറയ്ക്ക് അയയ്ക്കേണ്ടതാണ്.

കേരള പ്രൈവററ് കോളേജ് ടീച്ചർ □ എ. കെ. പി. സി. ടി. എ. ജേർണൽ □ 23 □ 1980 നവമ്പർ □ വാർഷിക വരിസംഖ്യ : അഞ്ചു രൂപ □ ഒററപ്രതി: അമ്പതു പൈസ □ പത്രാധിപസമിതി: വി. നാരായണൻകുട്ടി □ ജി. മാധവൻനായർ □ എൻ. ഭാർഗവൻ □ എം. ആർ. ചന്ദ്രശേഖരൻ □ പി. രവീന്ദ്രനാഥ് □ വി. എൻ. മുരളി (ചീഫ് എഡിററർ)

# പണിമുടക്ക് സമരം വിജയിപ്പിക്കുക

വിദ്യാഭ്യാസമന്ത്രി സംഘടനാപ്രതിനിധികളുമായി ഒക്ടോബർ 15-ന് നടത്തിയ ചർച്ച കാതലായ പ്രശ്നങ്ങൾക്കൊന്നും പരിഹാരം കാണാതെ കടന്നു പോയിരിയ്ക്കയാണ്. യു. ജി. സി. ശമ്പളനിരക്കുകൾ മുൻകാലപ്രാബല്യത്തോടെ നടപ്പിലാക്കുക, കരിനിയമങ്ങൾ പിൻവലിക്കുക, നോൺ കേഡർ ഒന്നാം ഗ്രേഡ് പ്രൊഫസർഷിപ്പനുവദിക്കുക, സ്ഥലംമാററങ്ങൾക്ക് നീതിയുക്തമായ മാനദണ്ഡമുണ്ടാക്കുക, യൂണിവേഴ്സിററിനിയമത്തിലെ നഷ്ടപ്പെട്ട വകുപ്പുകൾ പുന:സ്ഥാപിച്ചുകൊണ്ട് സേവനഭദ്രത ഉറപ്പുവരുത്തുക, നിയമനങ്ങൾ അംഗീകരിക്കുന്നതിലും ശമ്പളം വിതരണം ചെയ്യുന്നതിലുമുള്ള കാലതാമസമൊഴിവാക്കുക തുടങ്ങിയ നമ്മുടെ പ്രധാനപ്പെട്ട ആവശ്യങ്ങളെപ്പററി വ്യക്തമായൊരു മറുപടിയും ഗവൺമെൻറിൽ നിന്നും ഉണ്ടായിട്ടില്ല. ഫിസിക്കലെഡ്യൂക്കേഷൻ അധ്യാപകരുടെ മുൻനില പുനഃസ്ഥാപിച്ചതും, ജൂനിയർ ലക്ചറർ സർവ്വീസിൽ രണ്ടു വർഷം നോൺകേഡർപ്രൊമോഷനു പരിഗണിക്കാമെന്നു സമ്മതിച്ചതുമാണ് ആകെക്കൂടി ചർച്ചയിലുണ്ടായ അനുകൂല തീരുമാനങ്ങൾ. ഇതിൽ, മുമ്പുണ്ടായിരുന്ന സർക്കാർ ഫിസിക്കലെഡ്യൂക്കേഷൻ അധ്യാപകരോട് കാണിച്ചതെററ് ഇപ്പോൾ തിരുത്തിയെന്നു മാത്രമേ ആ തീരുമാനത്തെക്കുറിച്ചു പറയാനുള്ളൂ. എന്നാൽ ജൂനിയർ ലക്ചറർ സർവ്വീസിൽ രണ്ടു വർഷം നോൺകേഡർ പ്രൊമോഷനു പരിഗണിക്കാമെന്നത് പുതിയൊരാനുകൂല്യമായിത്തന്നെ ഞങ്ങൾ കാണുന്നു. പക്ഷേ അവിടെയും രണ്ടു വർഷം മാത്രമേ പരിഗണിക്കൂ എന്ന തരത്തിൽ ആ ആനുകൂല്യത്തെ പരിമിതപ്പെടുത്തിയതിൽ അതിയായ പ്രതിഷേധമുണ്ട്. ആറും ഏഴും കൊല്ലം ജൂനിയർ ലക്ചറൻമാരായിരുന്നവർ അനവധിയാണ്. അവരുടെ മൊത്തം ജൂനിയർ ലക്ചറർ സർവ്വീസ് പ്രൊമോഷന് പരിഗണിക്കുകതന്നെ വേണം.

ഇന്ത്യയിലെ മറെറല്ലാസംസ്ഥാനങ്ങളിലും നടപ്പിലാക്കിയ യു. ജി. സി. ശമ്പളനിരക്കുകൾ കേരളത്തിൽ മാത്രം നടപ്പിലാക്കാതിരിക്കുന്നതിൻെറ പൊരുൾ എത്ര ആലോചിച്ചിട്ടും ഞങ്ങൾക്കു മനസ്സിലാകുന്നില്ല. അതുപോലെ ഒരു ദിവസം പണിയെടുത്തില്ലെങ്കിൽ അറുപതുദിവസത്തെ ശമ്പളം തടയുമെന്ന കരിനിയമം എടുത്തു കളയാതിരിക്കുന്നതിന് എന്തു ന്യായമാണ് ഈ സർക്കാരിന് പറയാനുണ്ടാവുക ? ഇത്തരം കാതലായ പ്രശ്നങ്ങൾ പരിഹരിച്ചു കിട്ടുന്നതിനായി പണിമുടക്കുൾപ്പടെയുള്ള സമരപരിപാടികൾക്ക് എ. കെ. പി. സി. ടി. എ. സംസ്ഥാന കൗൺസിൽ അംഗീകാരം നൽകിക്കഴിഞ്ഞു. കോളേജുതലത്തിലുള്ള ഇതരസംഘടനകളുമായി യോജിച്ച സമരത്തിനാണ് നമ്മൾ തയ്യാറെടുക്കുന്നത്. സമരത്തിൻെറ മുന്നോടിയായി കാസർകോട്ടുനിന്നും പാറശ്ശാലവരെ സമരപ്രചാരണജാഥനടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. നവംമ്പർ 16—ാം തീയതി കൊച്ചിയിൽ കൂടുന്ന ഗവൺമെൻറ് കോളേജധ്യാപക സംഘടന (എ. കെ. ജി. സി. ടി.) യുടേയും, എ. കെ. പി. സി. ടി. എ. യുടേയും പ്രവർത്തകസമിതികളുടെ സംയുക്ത യോഗം സമരപ്രചാരണ പരിപാടികൾക്ക് അവസാന രൂപം നൽകും.

അവകാശങ്ങൾ നേടിയെടുക്കാനായി ആരംഭിക്കുന്ന അതിശക്തമായ ഈ സമരത്തിൽ പങ്കെടുക്കാൻ എല്ലാ പ്രൈവററ് കോളേജധ്യാപകരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. □

# കോഴിക്കോട് യൂണിവേർസിററി അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പു ഫലങ്ങൾ — ഒരവലോകനം

പ്രൊഫ. വി. നാരായണൻകുട്ടി
പ്രസിഡൻറ്
എ. കെ. പി. സി. ടി. എ.

കഴിഞ്ഞ മാസത്തിൻ നടന്ന കാലിക്കട്ട് യൂണിവേർസിററി അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പിൻെറ ഫലങ്ങൾ നമ്മുടെ സംഘടനയുടെ വർദ്ധിച്ചുവരുന്ന ശക്തിയും അജയ്യതയും ആവർത്തിച്ചു വിളംബരംചെയ്യുന്നു. 1975 ൽ നടന്ന തെരഞ്ഞെടുപ്പിൽത്തന്നെ എ. കെ. പി. സി. ടി. എ. ഒന്നുരണ്ടു സീററുകളൊഴികെ ബാക്കിയെല്ലാസ്ഥാനങ്ങളും നേടുകയുണ്ടായി. അന്നു പി. സി. ടി. എ. യ്ക്ക് മററുള്ളവരുടെ ചില വിജയങ്ങൾ തങ്ങളുടേതാണെന്ന് അവകാശപ്പെട്ടുകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു.

**തെരഞ്ഞെടുപ്പു ഫലങ്ങൾ എ. കെ. പി. സി. ടി. എ യുടെ വർദ്ധിച്ചുവരുന്ന ശക്തിയും അജയ്യതയും വിളിച്ചോതുന്നതോടൊപ്പം, പി. സി. ടി. എ. എന്ന കൂടലാസു സംഘടനയെ അധ്യാപകസമൂഹം കയ്യൊഴിഞ്ഞിരിക്കുന്നുവെന്നും വ്യക്തമാക്കുന്നു.**

ഇത്തവണ തെരഞ്ഞെടുപ്പിൻെറ തുടക്കം തന്നെ എ. കെ പി. സി. ടി. എ. യുടെ വമ്പിച്ച വിജയത്തോടെയായിരുന്നു. അറബിക്, ബോട്ടണി, പൊളിററിക്സ്, സോഷ്യോളജി എന്നീ വിഷയങ്ങളിൽ നമ്മുടെ സ്ഥാനാർത്ഥികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. 1975 ൽ സംസ്കൃതം, സോഷ്യോളജി തുടങ്ങിയ ചെറിയ മണ്ഡലങ്ങളിലാണ് നമ്മുടെ സ്ഥാനാർത്ഥികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടത്. അറബിക്, ബോട്ടണി തുടങ്ങി നൂറുകണക്കിന് വോട്ടറൻമാരുള്ള മണ്ഡലങ്ങളിൽ സ്ഥാനാർത്ഥികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുന്നത് ഇതാദ്യമാണ്.

ഇംഗ്ലീഷ്, കണക്ക്, ഫിസിക്സ് കെമിസ്ട്രി, സുവോളജി, സ്ററാററിസ്ററിക്സ്, ഹിസ്ററി, ഇക്കണോമിക്സ് കോമേഴ്സ് എന്നീ പ്രമുഖമണ്ഡലങ്ങളിലെല്ലാം നമ്മുടെ സ്ഥാനാർത്ഥികൾ വിജയിച്ചു. മലയാളത്തിന് നമ്മുടെ സ്ഥാനാർത്ഥിക്ക് എതിർ സ്ഥാനാർത്ഥിയേക്കാൾ രണ്ടു ഫസ്റ്റ് വോട്ടിൻെറ കുറവേ ഉണ്ടായിരുന്നുള്ളൂ. ഈ മണ്ഡലത്തിൽ വിജയിച്ചത് എ. കെ. ജി. സി. ടി. സ്ഥാനാർത്ഥിയാണ്. സ്ററാററിസ്ററിക്സ് കഴിഞ്ഞതവണ സംഘടനയ്ക്കു നഷ്ടപ്പെട്ട മണ്ഡലമായിരുന്നു. ഇത്തവണ അതു നേടിയെടുക്കാൻ കഴിഞ്ഞു. ജി. സി. ടി ഒ. സ്ഥാനാർത്ഥാണ് ഇവിടെ പരാജയപ്പെട്ടത്. സംസ്കൃതത്തിൻെറ ഫലം അറിയാനിരിക്കുന്നതേയുള്ളു.

എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികൾ ഇത്തവണ ഫസ്ററ് കൗണ്ടിൽത്തന്നെ ജയിച്ചുവെന്നതും ശ്രദ്ധേയമാണ്. കഴിഞ്ഞതവണ ഇംഗ്ലീഷ്, കെമിസ്ട്രി, ഹിസ്ററി തുടങ്ങിയ മണ്ഡലങ്ങളിൽ വളരെ ഞെരുങ്ങിയാണ് ജയിച്ചത്. ഇത്തവണയാകട്ടെ

(ശേഷം 6–ാംപേജിൽ)

സെനററിന്റെ പ്രതിനിധിയായി ഫൈനാൻസ് കമ്മററിയിലേക്ക് എ. കെ. പി. സി. ടി. എ സ്ഥാനാർത്ഥി പ്രൊഫ. **ജോർജ് മേനാച്ചേരി** (സെൻറ് തോമസ് കോളേജ് തൃശൂർ) 68 വോട്ടുകൾ നേടി വിജയിച്ചു. പ്രൊഫ. മേനാച്ചേരിയെ എതിർത്ത പി. സി. ടി. എ. ജനറൽ സെക്രട്ടറി പ്രൊഫ. പി. എം. **ലക്ഷ്മണന്** 15 വോട്ടുകളാണ് കിട്ടിയത്.

# കോഴിക്കോട്ട് യൂണിവേർസിററിയിലെ തെരഞ്ഞെടുപ്പുകളിൽ എ. കെ. പി. സി. ടി. എ. ഒരിക്കൽകൂടി ശക്തി തെളിയിച്ചു.

**അക്കാദമിക് കൗൺസിൽ**

ബഹുഭൂരിപക്ഷം സീററുകളും എ. കെ. പി. സി. ടി. എ. യ്ക്ക്

**വിജയികൾ :**

1) ഇംഗ്ലീഷ് –
കെ. പി. രമേശ് ബോസ്
(എസ്. എൻ. കോളേജ്, കണ്ണൂർ)
2) ഇക്കണോമിക്സ് –
കെ. പി. ആർ. മേനോൻ
(ശ്രീ ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്)
3) ഹിസ്ററി –
എം. ലക്ഷ്മി നാരായണഭട്ട്
(ശ്രീവ്യാസാ എൻ. എസ്. എസ്. കോളേജ്, വടക്കാഞ്ചേരി)
4) കോമേഴ്സ്–ടി. എൻ. രാമൻപിള്ള
(എൻ. എസ്. എസ്. കോളേജ്, മട്ടനൂർ)
5) മാത്തമാററിക്സ് –
മുഹമ്മദ്കോയ
(മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്)
6) ഫിസിക്സ്– ഏ. കെ. മുഹമ്മദ്
(പി. എസ്. എം. ഒ. കോളേജ്, തിരൂരങ്ങാടി)
7) കെമിസ്ട്രി –
പി. എസ്. നാരായണൻ
(ശ്രീ കേരളവർമ്മ കോളേജ്, തൃശൂർ)
8) സുവോളജി –
ഏ. എൻ. ശിവരാമൻ നായർ
(എൻ. എസ്. എസ്. കോളേജ്, മഞ്ചേരി)
9) സ്ററാററിസ്ററിക്സ് –
ജെ. സെബാസ്ററ്യൻ
(സെൻറ് തോമസ് കോളേജ്, തൃശൂർ)

**എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടവർ**

ബോട്ടണി – പി. ജെ. അബ്രഹാം
(സെൻറ് തോമസ് കോളേജ്, തൃശൂർ)

അറബിക്–മുഹമ്മദ് അബ്ദുൾ റഹിമാൻ
(എം. ഇ. എസ്. കല്ലടി കോളേജ്, മണ്ണാർക്കാട്)

പൊളിററിക്സ് – പി. എം. അവിരാ
(സെൻറ് മേരീസ് കോളേജ്, സുൽത്താൻബത്തേരി)

സോഷ്യോളജി –
പി. എം. ഷിയാലിക്കോയ
(ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്)

# നീതിക്കുവേണ്ടിയുളള സമരത്തിൽ പങ്കാളികളാവുക

എസ്. എൻ. കോളേജുകളിലെ അധ്യാപകരുടെ പ്രശ്നങ്ങളിൽ മാനേജ്മെൻറനുവർത്തിച്ചുവരുന്ന അവഗണനയിൽ പ്രതിഷേധിച്ച് സമരമാർഗ്ഗത്തിലേയ്ക്കു നീങ്ങാൻ എ.കെ. പി. സി. ടി. എ. എസ്. എൻ. കോളേജ് ടീച്ചേർസ് കോ – ഓർഡിനേഷൻ കൗൺസിൽ തീരുമാനിച്ചിരിയ്ക്കുന്നു. എറണാകുളം ഹോട്ടൽ എമ്പസ്സിയിൽ ഒക്ടോബർ 26–ന് കൂടിയ യോഗത്തിൽ കോ–ഓർഡിനേഷൻ കൗൺസിൽ പ്രസിഡൻറ് ഡോ. കെ. സുന്ദരേശൻ അധ്യക്ഷം വഹിച്ചു.

സ്ഥലംമാററങ്ങൾക്ക് നീതിപൂർവകമായ തത്വങ്ങൾ ആവിഷ്കരിക്കുക, അധ്യാപകനിയമനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കുക, അവധിയും ഡെപ്യൂട്ടേഷനും അനുവദിക്കുന്നതിലുളള വിവേചനം അവസാനിപ്പിക്കുക, 1966 മുതൽ ലഭിക്കാനുള്ള ശമ്പളക്കുടിശ്ശികകൾ നൽകുക. മാനേജുമെൻറിൽ അധ്യാപകർക്ക് പ്രാതിനിധ്യം നല്കുക തുടങ്ങിയവയാണ് കൗൺസിൽ ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ.

ഈ ആവശ്യങ്ങളടങ്ങുന്ന അവകാശപത്രിക മാനേജുമെൻറിനു നല്കുന്നതാണ്. നവമ്പർ 12–ാം തീയതി എസ്.എൻ. കോളേജധ്യാപകർ അവകാശദിനം ആചരിക്കും–നവമ്പർ 24 ന് ട്രസ്ററ് പടിക്കൽ ധർണനടത്തും. ഈ സമരപരിപാടികൾകൊണ്ടും മാനേജുമെൻറ് അവകാശങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ അനിശ്ചിതകാല പണിമുടക്കിലേയ്ക്കു നീങ്ങാനും യോഗം തീരുമാനമെടുത്തു.

ഏറെക്കാലമായി എസ്. എൻ. കോളേജധ്യാപകർ ഉന്നയിയ്ക്കുന്ന ആവശ്യങ്ങൾ നേടിയെടുക്കാനായി നടത്തുന്ന സമരത്തിന് എല്ലാ നല്ല ആളുകളുടേയും സഹകരണം കോ–ഓർഡിനേഷൻ കൗൺസിൽ പ്രസിഡൻറ് ഡോ: സുന്ദരേശൻ അഭ്യർത്ഥിച്ചിരിക്കുന്നു.

(4–ാം പേജിന്റെ തുടർച്ച)

നിഷ്പ്രയാസം വിജയിക്കാൻ കഴിഞ്ഞു. അതുപോലെ ഫിസിക്സ്, കണക്ക്, ഹിസ്റ്ററി എന്നീ വിഷയങ്ങളിൽ 3 ഇരട്ടിയും കെമിസ്ട്രിയിൽ 2½ ഇരട്ടിയും ഇക്കണോമിക്സ്, കോമേഴ്സ് തുടങ്ങിയ വിഷയങ്ങളിൽ 2 ഇരട്ടിയും വോട്ടുകൾ പി. സി. ടി. എ. സ്ഥാനാർത്ഥികളെക്കാൾ നേടിയെടുക്കാനും എ.കെ. പി. സി. ടി. എ. സ്ഥാനാർത്ഥികൾക്കു കഴിഞ്ഞു.

ഈ പതിനൊന്നു വിഷയങ്ങളിൽ നമുക്കു കിട്ടിയ ഫസ്ററ് വോട്ടുകൾ 1100 എണ്ണമാണ്. ഇത് ആകെ പോൾ ചെയ്തതിന്റെ 61% വരുന്നു. ബോട്ടണി, സോഷ്യോളജി, അറബിക്, പൊളിററിക്സ് സംസ്കൃതം, ഫിസിക്കൽ എഡ്യൂക്കേഷൻ തുടങ്ങിയ വിഷയങ്ങളിലെ അധ്യാപകർ ഇതിൽപ്പെടുന്നില്ല. പ്രൈവററ് പ്രൊഫഷനൽ കോളേജുകളിലെ അധ്യാപകരും ഇതിൽ വരുന്നില്ല. എന്നിട്ടു പോലും കഴിഞ്ഞവർഷം നടന്ന സെനററു തെരഞ്ഞെടുപ്പിനേക്കാൾ അധികം ഫസ്ററ് വോട്ടുകൾ നമുക്ക് നേടാൻ സാധിച്ചിരിക്കുന്നു.

പി. സി. ടി. എ. യുടെ നില പരിതാപകരം തന്നെ. ആകെ 314 ഫസ്ററ് വോട്ടുകളാണ് അവർക്ക് നേടാൻ കഴിഞ്ഞത്. (സാധുവായ വോട്ടുകളുടെ 16 ശതമാനം) എ. കെ പി. സി. ടി. എ. സ്ഥാനാർത്ഥികളെ തോല്പിക്കത്തക്കവണ്ണം വോട്ടുകൾ വിനിയോഗിക്കണമെന്ന് ആഹ്വാനം ചെയ്ത ഈ സംഘടനക്ക് തെരഞ്ഞെടുപ്പുഫലത്തെ ഒരു നിലയ്ക്കും സ്വാധീനിക്കാൻ കഴിഞ്ഞില്ലെന്നതാണ് പരമാർത്ഥം. 7 വോട്ടർമാർമാത്രമുള്ള ഇസ്ലാമിക് ഹിസ്ററിയുടെ മണ്ഡലത്തിൽ 3 വോട്ടുകൾ നേടി നറുക്കെടുപ്പിലൂടെ തങ്ങളുടെ സ്ഥാനാർത്ഥിയെ ജയിപ്പിക്കുവാൻ അവർക്കുസാധിച്ചു. അധ്യാപകസംഘടനകൾ സമരത്തിലൂടെ ഉണ്ടാക്കുന്ന നേട്ടങ്ങൾ തങ്ങളുടെ ഭിക്ഷാപാത്രത്തിൽ വീണ അപ്പക്കഷണങ്ങളാണെന്നു മേനിപറഞ്ഞു നടക്കു ഈ 'ലെററർഹെഡ്' സംഘടനയെ അധ്യാപക സമൂഹം തീരെ അവഗണിക്കുകയാണ് ചെയ്തത്.

# Democratization of University Education

## Vis-a-vis Relevant articles of the Constitution of India

t. g. menon

Democracy in action requires the implementation of the ingredients of the word Democracy – i. e. Demos which means the people and Kratein means to rule. The rule of the people has been the cherished ideal of the world during the past three centuries. Our national heritage has a glorious past especially with regard to the democratization of University education. The whole nation stood up against the autocratic approach made by Lord Curzon in the matter of University organisation and in 1905, the national upsurge was partly based on the attack on the Democratic rights in Education.

Now when we say that Democratization should be there, the statement involves that Deocracy is not there or it is not sufficently visible there. There can be different views on the different aspects of the presence or absence or lack of Democracy in the higher levels of education. My field is limited to the highly technical and subtle problem of Constitutional aspects of Democratisation of University Education. Actually, it is a topic to be dealt with by a legal Technocrat and therefore with all the limitations of a lay–man, I shall try to present some aspects of the constitutional position of the Democratisation of University Education, and for that matter the whole of education in India.

Unlike in ancient days, Education is a major responsibility of the state in modern times. To impart education and enlighten the people was not considered as a duty of the state in olden days. The rulers of those days used to contribute some amounts or help to the individuals or institutions for their existence. During the days of the British also, Education was not a must –item in the budget. Some insignificant amounts were set apart for education and private agencies were encouraged to impart education. In fact education was a much neglected or rather ignored field. Much of the educational work was taken up by the Christian churches and other private organisations. Thus a monopoly in education developed in certain areas of the country. When in the latter part of the 19th century, the British Govt. took wider measures to impart education, it was unfortunately limited to the 'haves' only and the 'Demos' in the wider sense could not reach up to it.

Now we are a Sovereign Secular Socialist Democratic Republic according to the constitution of India. It is evident that a country committed to such ideals cannot afford to carry on with the old set up of Education which was and is a product of the feudal and Capitalist society.

The Educational set up of a country depends much upon the Socio – politico-

economic needs and ideals of the nation. Broadly speaking we may categorise the Educational systems under 3 heads:

1) The Laissez-faire policy in Education as in the Economic affairs.
2) The mixed economy pattern with varied degrees of control by the State in the interest of the general public.
3) The Nationalised system with a purposive national approach based upon the national ideals.

In India today the system prevailing is to a great extent Laissez-faire in approach with a tendency to Mixed economy pattern where the guidance from the state and the people at large is limited.

The history of our national movement and the aspirations held by the nation have amply exhibited the fact that we have to evolve a new pattern based on the socialistic and secular ideals of the country. A rejuvenation of our education system is a must for this. Naturally such ideals of education should have a place in our constitution and the way for attainment of such ideals should have a place in the different articles of the basic law of the land so that they may pave the way for achieving the aims of the nation.

**Efforts in the field of Education to democratise it:**

After independence and the passing of the constitution of India, there have been only little efforts on the part of the Governments to democratise education in the states. Perhaps the first attempt for this was made in Kerala with regard to the School education. The Kerala Education Bill introduced in 1957 by the then Kerala Govt. headed by Shri. E.M.S. Nambudiripad created an unprecedented political crisis in the state and a very controversial situation in the field of education. The power of the state Legislature to enact a law to democratise education and inter alia to give protection to the staff and interests of the student community was questioned on the plea that the enactment violated some fundamental rights of the Minorities. The controversy reached the Supreme Court where the most historic legal battle was fought for the Democratisation of Education. The case brought out one glaring fact before the legal world that Article 30 (1) of the Constitution is a most powerful article which governs the item "Education" in the Constitution. Consequently, the Kerala Education bill attracted some other Articles of the constitution also for discussion and decision with regard to the item "education".

Article 30 (1) states that "All minorities, whether based on religion or language, shall have the right to establish and administer. educational institutions of their choice".

More or less a similar right is conferred on the Minorities in Article 29 which gives them the right to conserve their distinct language, script or culture of its own.

In Article 26 every religious denomination or any section thereof is given the right subject to public order, morality and health, to establish and maintain institutions for religious and charitable purposes, to manage its own affairs in matters of religion, town and acquire movable and immovable property and to administer scuh property in accordance with law.

In Article 28 compulsion to take part in any religious instruction or worship is

*(...contd. page 18)*

എ. കെ. പി. സി. ടി. എ. തയ്യാറാക്കി
കേരളാ-കോഴിക്കോട് യൂണിവേർസിറ്റി
കൾക്കു സമർപ്പിച്ച മാതൃകാ സിലബസ്

# Syllabus in Pre-degree Mathematics

## Introduction

Mathematics is the basis of all sciences. So the Pre - Degree Syllabus in Mathematics should help all those who go for higher studies in any branch of Science. This draft syllabus is written as a continuation of the topics in Mathematics now taught in the High School Classes. 'A brief history of the development of Mathematics' is included in the syllabus in order to increase the curiosity of the students. The notion of sets and the modern idea of functions should be introduced wherever possible.

**PAPER I** (Total 125 hrs.)

(First Year Pre-Degree)

1. HISTORY (5 Hrs.)

Brief history of the development of Mathematics. Stress should be given to the contributions of Indians to Mathematics.

2. PRELIMINARY CONCEPTS (5 Hrs)

The teacher may give relevant symbols and examples to illustrate the meaning of the the following phrases and concepts.

Let A and B be statements.

a) If A then B
b) A only if B
c) A if and only if B
d) A is necessary but not sufficient condition for B to be true.
e) A is sufficient but not a necessary condition for B to be true.
f) A is a necessary and sufficient condition for B to be true.
g) Converse of a statement.
h) Contrapositive of a statement.
i) Idea of direct and indirect proofs.
j) Counter examples and their role.

3. ALGEBRA (45 hrs.)

a) Numbers - Description of the algebraic and order properties of the systems of natural numbers, integers and rational numbers – statement of the principle of "Mathematical Induction" and simple applications. Rational numbers as terminating decimals or as non – terminating recurring decimals– Irrational numbers as non – terminating and non-recurring decimals proof of the irrationality of $\sqrt{2}$

b) Exponents :–Meaning of $a^x$ where x is a rational number – Laws of exponents – Binomial surd-Rationalisation of denominators – Square root of $a+\sqrt{b}$ where $\sqrt{b}$ is a surd and a is rational.

c) Variation : Direct, inverse and joint variations.

d) Logarithms : Theorems on logarithms with proof. Problems involving their applications.

e) Polynomials : Division of a polynomial by another - method of detached coefficients.

f) Quadratic Equations : Relation between zeros and coefficients - Formation of quadratic equations whose roots are given - Discriminant – Nature of the roots of a quadratic equation – Equations reducible to the quadratic form. Graphical representation of the solution sets of the inequalities.

(1) $ax^2 + bx + c > 0$ and

(2) $ax^2 + bx + c < 0$.

g) Progressions – Geometric and Harmonic Progressions – nth term-Sum to n terms of the G. P. Sum to infinity of the G. P. when the common ratio is less than one. Relation among the A. M., G. M. and H. M. between two positive numbers – sum of the squares, cubes of the first n natural numbers – Arithmetico-geometric series – sum to n terms.

h) Matrices and Determinants :– Definition of a matrix – m x n metrix– square matrix – diagonal matrix – scalar matrix - unit matrix – zero matrix - row and column matrices.

(In the following, discussions can be restricted to matrices with not more than 3 rows and 3 columns). Sum of two matrices, conformability for sum -multiplication of a matrix by a scalar - product of two matrices-conformability for multiplication–non-commutativity of matrix multiplication – (Examples of two non-zero matrices with product equal to a zero matrix). Determinant of a square matrix of order not exceeding 3 expansion of determinant – verification of the results – (1) interchange of two rows (columns) changes the sign of the det. (ii) a determinent is not altered if a multiple of a row (column) is added to another

*(...Contd. page 15)*

GOVERNMENT OF KERALA

No. 30494/D2/79/H.Edn
Higher Education 'D' Department
Dated, Trivandrum. 3-11-1980

From

THE SPL. SECRETARY TO GOVERNMENT

To

The General Secretary
A.K.P.C.T.A.

Sir,

Sub: Minutes of the discussion held by Minister (Edn.) at 4 P.M on 15-10-1980 in his Office with the representatives of Government and Private College Teachers Organisations-copy forwarded-

...............

I am directed to forward herewith a copy of the minutes of the discussion held by the Minister (Education) on 15-10-1980 with representatives of the Goverment and Private College Teachers Organisations, for information.

Yours faithfully

C. Gopalakrishnan Nair
Under Secretary
for Spl. Secretary to Govt.

**Minutes of the discussion held by M. (Edn.) at 4.00 P. M. on 15-10-1980 in his Office with the representatives of Government College Teachers Associations and Private College Teachers Associations.**

A list of persons, besides Minister (Edn.) Spl. Secretary, Higher Education; Director of Collegiate Education and Joint Secretary, Higher Education who were present at the discussion, is attached. There was a detailed discussion on the demands raised by the College Teachers Associations. The decisions taken in respect of the demands discussed are indicated below.

1) Restoration of Second Saturday as holiday.

It was decided that the Second Saturday shall be declared as a holiday tor all Government Colleges.

2) Revision of Pay Scales of Physical Education Teachers

Orders are being issued revising the pay scales of physical Education Teachers in keeping with the relativities that existed in the pre-revised scales of pay. Action will also be taken to amend the Special Rules to provide for the higher qualifications, prescribed in the Regulations issued by the Universities. While doing so, exemption from the higher qualifications will be granted to the existing incumbents.

3) Taking into account the service as Junicr Lecturer for reckoning the 13 years service for promotion as II Gr. Non-Cadre Professor

The question of counting service as Junior Lecturer, limited to a period of two years, for promotion as II nd Grade Non-Cadre Professor is under consideration and orders will be issued shortly.

4) Benefits of Gratuity and Family Pension to those Private College Teachers who have opted to retire at the age of 60.

This will be examined.

5) Promotion as Principal

The request is that the total teaching service should be taken into account for promotion as Principal, and not the service in the Cadre of Ist Gr. Professor alone, as at present.

This issue requires detailed examination.

6) Condonation of break in service as Lecturer

The Associations pointed out that in the case of Government College Teachers having teaching service in private Colleges, their service in Private Colleges is not counted for purposes of non-cadre promotion, if the break in service is more than two years. This puts such teachers in a disadvantageous position when compared to others with a break in service upto two years. The Associations therefore, requested Govt. to modify the existing rules suitably.

It was decided to examine the question in detail.

7) Introducing a Scheme to grant house loan to Private College Teachers

The Director of Collegiate Education will forward necessary proposals in this regard.

8) Intermanagement and intramanagement transfers of Private College Teachers

It was decided to examine the question whether some norms can be prescribed in the matter in consultation with the Universities.

9) U. G. C. Scales of Pay

M(Edn.) agreed to hold a separate discussion on this question with the Associations.

10) Amendments to University Acts

M (Edn.) pointed out that as a Committee has been constituted for the purpose, the Associations may take up the matter with the Committee.

11) Code of Conduct for College Teachers

It was decided that the question of formulating a code of conduct for College Teachers will be examined in detail.

12) Recent Judgment of the Kerala High Court regarding the scope of Section 57(6) of the Calicut University Act.

The Associations pointed out that the Kerala High Court has, in a recent judgment, ruled that section 57(6) of the Calicut University Act, as it stands at present, does not confer any right of reappointment on teachers who were appointed in temporary vacancies and whose services stand terminated on the expiry of such temporary vacancies. As a result, the Managements are now at liberty to resort to fresh recruitment disregarding the claims of thrownout hands for reappointment.

It was decided that immediate steps would be taken to amend the relevant provisions of the University Acts to remove this difficulty.

**List of participants in the discussion held by Minister (Edn.) on 15-10-1980.**

1. V. S. Ouseph, President, P. C. T. A.
2. Abraham Arakal, President, G. C. T. O.
3. V. M. Manoharan, General Secretary. G. C. T. O.
4. V. Narayanankutty, President, A K P C T A
5. T. V. Balan, General Secretary, A K G C T
6. Dr. Cyriac Thomas, President, Kerala College Teachers' Forum, Palai
7. K. Ramachandran Nair, President, A K G C T
8. R. R. C. Nair, A K P C T A, N S S College, Ottapalam
9. P. M. Lakshmanan, General Secretary, P C T A
10. C. Z. Scaria, P C T A
11. Mohan Kurien, General Secretary, College Teachers Forum.

## UNIVERSITY OF KERALA

Trivandrum

Ac.F.V–3/2828/80 30th September 1980

From

The Registrar.

To

The Managers & Principals of
All Private Arts and Science Colleges.

Sub:- Promotion of Gr. II (NC) Professor as Gr. II (Cadre) Professors - Regarding -

Sir/Madam.

It has come to the notice of the University that some of the senior-most Gr. II (Non-cadre) Professors in Private Arts and Science Colleges especially in Corporate Managements are not accepting the promotions as Cadre Gr. II Professors. The matter was taken up with the Government and the Government is of the view that as far as possible, Gr. II (Non-cadre) Professors should not be allowed to relinquish promotion as Gr. II (Cadre) Professors so as to facilitate the promotion of Lecturers to the Cadre post of Gr. II Professors.

You are requested to note this for future guidance.

Yours faithfully,

Sd/-
Registrar

Copy to:

1. The Director of Collegiate Education. Trivandrum,
2. The Dy. Director of Collegiate Education. Quilon/Tripunithura with C/L.
3. Acad. F I, II, III & IV Sections
4. Stock file
5. File copy.

## GOVERNMENT OF KERALA

No. 1828/D2/80/H. Edn.
Higher Education 'D' Department
Dated, Trivandrum, 24.10.1980

From

THE SPECIAL SECRETARY TO GOVERNMENT

To

Sri. G. Madhavan Nair
General Secretary
A K P C T A
N. S. S. College
Nilamel P. O.
Quilon Dist.

Sri.

Sub: Private College teaching staff-1978 pay Revision arrears-disbursement-request for -

Ref: Your representation dt. .5.'80

With reference to the representation cited, I am to inform you that arrear bills of ten Colleges only are pending with the Dy. Directors of Collegiate Education and that prompt action is being taken to verify and pass them.

Yours faithfully

C. Gopalakrishnan Nair
Under Secretary
for Spl. Secretary to Govt.

(...Contd. from page 10)

row (column) and (iii) the value of a det : is zero when the elements of any two rows (columns) are identical. Cramer's rule of solving equations. Elimination using determinants.

4. TRIGONOMETRY (30 Hours)

Angles and their measures in degrees and radians – Trigonometric ratios and angles of any magnitude – Geometrical proof of the formula cos (A–B) = cos A cos B + sin A sin B. Deduction of the expansion of ratios for A ± B- Trigonometric ratios of multiple and submultiple angles.

Simple trigonometric equations - Inverse trigonometric functions and Principal values.

Relations between the sides and angles of a triangle–simple examples. Solution of triangles and problems in heights and distances.

5. COMPLEX NUMBERS (10 hours)

Inadequacy of the real numbers–complex numbers-conjugate of a complex number – representation in form of X+iy and in the modulus amplitude form-sum and product of two complex numbers-One-to-one correspondence between the set of complex numbers and the set of points in a plane–DeMoivre's theorem-proof for a rationol index-simple problems.

6. RELATIONS AND FUNCTIONS (10 hours)

Cartesion product A x B of a set A with a set B-A relation from the set A to the set B-Reflexivity, symmetry and transitivity as applied to a relation on a set A-Equivalence relation-A function (mapping) from A to B–into and on to functions-many–to-one and one-to-one functions-inverse of a function.

7. CO–ORDINATE GEOMETRY OF TWO DIMENSIONS (20 hours)

Equation of a line in a plane-Standard forms-General equation of the first degree–Angle between two lines-Condition for a line to be (1) parallel to and (2) perpendicular to another line–Length of the perpendicular from a point to a line-equation of a pair of lines through the origin-angle between them.

The equation $x^2+y^2+2gx+2fy+c=0$ represents a circle-centre and radius equation of the tangent and normal-power of a point with respect to a circle Condition for two circles to be orthogonal–Radical axis of two circles-Radical centre of three circles.

**PATTERN OF QUESTION PAPER**

Mathematics paper – I (2 hours – 60 Marks)

(50% of the paper will carry full marks)

| | |
|---|---|
| preliminary concepts and Algebra | ........4 questions |
| Trigonometry | ........2 questions |
| Complex numbers | ........1 question |
| Relations and functions | ........1 question |
| Co-ordinate Geometry of two dimensions | ........2 questions |
| Total | 10 questions |

## PAPER II (Total 145 hours)

(Second Year pre-Degree)

1. PERMUTATIONS, COMBINATIONS AND BINOMIAL THEOREM (20 hours)

Formulae for nPr and nCr where the objects are all different-Binomial theorem for a positive integral exponent-Statement of the Binomial theorem for any exponent (no proof)-approximations using Binomial theorem-Simple applications to cases like finding coefficient.

2. VECTORS (25 hours)

i) Vector as a directed line segment – Addition of vectors – multiplication of a vector by a scalar.

ii) Position vector of a point-unit vectors along the axes of coordinates-Components of a vector.

iii) Scalar product (dot product) of two vectors and its properties-commutativity, distributivity - Formula for the scalar product of two vectors in terms of components - Magnitude of a vector - Angle between two vectors-Condition for two non-zero vectors to be orthogenal.

iv) Vector Product (cross product) of two vectors–non–commutativity-condition for two non-zero vectors to be parallel.

3. CALCULUS (50 hours)

i) Notions of limit and continuity of a function introduced through examples - examples of functions which are not continuous.

ii) Statements of theorems relating to sum, difference, product and quotient of limits and continuous functions.

iii) Derivative of a function at a point-Derivative as continuous rate of change and as slope of a curve - Tangent and normal - relationship between derivability and continuity of a function at a point.

iv) Derivatives of sum, difference, product and quotient of function-derivative of composite functions and of inverses of one-to-one functions.

v) Derivative of polynomial functions, rational functions, irrational functions, trigonometric functions and inverse trigonometric functions - derivative if

i) $f(x,y) = 0$ and

ii) $x = f(t), y = (F)(t)$

iv) Derivative of $a^x$ and log x.

vii) Successive differentiation-up to second and third in simple cases.

viii) Interpretation of the sign of the derivative at a point.

ix) Criteria to determine the maximum and minimum values of a function of one variable—examples.

x) Indefinite integrals.

xi) Integration by substitution - integration by parts of functions like log x, x log x, x $e^x$, x sin x, x cos x etc.

xii) Definite integrals - examples.

xiii) Areas of plane regions and volumes of solids of revolution-simple examples.

4. DIFFERENTIAL EQUATIONS (10 hours)

i) Formation of differential equations.

ii) Differential equation of the first order of the following types (i) variables separable (ii) Homogeneous linear equation.

5. STATICTICS & PROBABILITY (20 hours)

A. Statistics

i) Population and sample

ii) Frequency Distributions.

iii) Measures of central tendency and dispersion

B. Probability

i) Random experiments and simple sample space-events.

ii) Probability on a discrete sample space

iii) Two independent events.

6. GEOMETRY (20 hours)

Appollonius circle - The locus of a point, the ratio of whose distances from two fixed points is a constant, is a circle-Menelau's and Ceva's theorems. The condition for the concurrency of three perpendiculars to the sides of a triangle - circumcentre, orthocentre, centroid of a triangle, Nine - points circle theorem and pedal line theorm.

## PATTERN OF QUESTION PAPER

Mathematics Paper II (3 hours - 90 marks)
(50% of the paper will carry full marks)

| | | |
|---|---|---|
| 1. | Permutations, Combinations and Binomial theorem | ........2 questions |
| 2. | Vectors | ........2 questions |
| 3. | Calculus | ........5 questions |
| 4. | Differential equations | ........1 question |
| 5. | Statistics and probability | ........2 questions |
| 6. | Geometry | ........2 questions |
| | Total | 14 questions |

(...from page 8)

prohibited in educational institutions recognised by the state or receiving aid out of state funds.

Article 25 gives the right to profess freely, practise and propagate religion and to have freedom of conscience.

These Articles regarding religion and Minorities and also of Linguistic minorities loomed large before the legal battle fought before the Supreme court in 1957 Article 30 (1) reigned dominant in the proceedings. The rulings given by the Supreme Court on the Kerala Education Bill case forms the corner stone of the whole edifice of the Case law on Article 30 (1). The scope and ambit of this Article the scops and object of it, the ambit and scope of the terms "Minority", Based on language and religion, "of their choice" etc were determined by the court. The inter–relation between Article 29 and 30 were decided by the court.

Though the court ruled that there is on untouchable-absoluteness for Art. 30 as propounded by the Managements of Minority institutions, the theory of reasonable regulations to be made by the legislature to make the minority institutions better did not any way help the democratisation of education. Resultantly, this Article has become a stumbling stone before the over-all changes to be brought out in the field of education. Unfortunately, the protection given to minority institutions as per Article 30 (1) are more in Kerala though in other states also there are a good number of them holding up the smooth introduction of democratisation.

Consequent upon the judgement on the Kerala Education Bill (the opinion given by the Supreme Court) a large number of cases connected with Education and Minority rights cropped up in different parts of the country. The most important among them are: Siddharaj bai V state of Gujarat in 1963, the Bihar Universities Act questioned by Rev. Proost in 1969 Kerala Universities Act questioned by Rev. Mother Provincial in 1970, D. A. V. Colleges V State of Punjab, the famous judgement regarding the Gujarat Universities Act questioned by St. Xavier's College of Ahmadabad in 1974 and finally the Kerala Universities Act questioned by Archbishop Benadict Mar Gregorios in 1975. Besides these famous and important cases, there were a number of other enactments of various states questioned by the Minorities to exclude their institutions from the ambit of the enactments. The Bombay School Code, the Delhi School Enducation Act, 1973, the Tamil Nadu Recognised Private Schools (Regulation) Act of 1973 are some of them which were declared as violating the Article 30 in most of the vital parts.

If one goes through the multitude of judgments delivered by the High Courts and Supreme Court. it will be crystal clear that Article 30 is the only one article in the constitution which stands in the way of a general democratisation of education. It has to be admitted that the minorities have done good work in the field of education, and that the minorities should have proper protection in all the spheres of life. In a secular state their should be definite clauses or articles for the protection and security of the rights of the minorities. But the minority should not be allowed to keep the democratisation of the society and the organisations of the society at ransom. Unfortunately the inflated feelings of fundamental right as couched in the words of Article 30 have kept back the socialisation of education. The right conferred upon them has become a privilege.

*(will continue in the next issue)*

# നെൻമാറ എൻ. എസ്സ്. എസ്സ്. കോളേജിൽ സെനററ് - സിൻഡിക്കേററ് അംഗങ്ങൾക്ക് സ്വീകരണം

കോഴിക്കോട് യൂണിവേർസിററി സിൻഡിക്കേററിലെ എ. കെ. പി. സി. ടി. എ. പ്രതിനിധികളായ പ്രൊഫ. ആർ ആർ. സി നായർ, പ്രൊഫ. വി. നാരായണൻകുട്ടി, സെനററിലെ പ്രതിനിധികളായ പ്രൊഫ. പി. കെ. ടി. രാജ, പി. ശിവരാജൻ, ഡോ: പി. എസ്സ്. പണിക്കർ, പ്രൊഫ. കെ. സുകുമാരൻനായർ, കേരളായൂണിവേർസിററി സെനററംഗങ്ങളായ പ്രൊഫ. പി. നരേന്ദ്രൻ, ആർ. രമേശൻനായർ എന്നിവർക്ക് നെൻമാറ കോളേജ് എ കെ. പി. സി. ടി എ. ബ്രാഞ്ച് ഹൃദ്യമായ സ്വീകരണം നൽകി. ഒക്ടോബർ 7 ന് നടന്ന സ്വീകരണയോഗത്തിൽ സംഘടനയുടെ പാലക്കാട് ജില്ലാസെക്രട്ടറി ടി. എൻ. രാമൻപിള്ള, ഒററപ്പാലം കോളേജിലെ കോമേഴ്സ് പ്രൊഫ. കെ.ആർ. നാരായണൻനായർ, മഞ്ചേരി എൻ. എസ്സ്. എസ്സ്. കോളേജ് ലക്ചറർ എ. ചെന്താമരാക്ഷൻ എന്നിവരും പങ്കെടുത്തിരുന്നു. ബ്രാഞ്ച് പ്രസിഡൻറ് കെ. സുശീലൻപിള്ള അധ്യക്ഷതവഹിച്ചു. പ്രൊഫ. എ. ഗോപീനാഥൻനായർ (പ്രിൻസിപ്പൽ) പ്രൊഫ. ആർ. രാജൻ ഉണ്ണിത്താൻ, പ്രൊഫ. ശ്രീനാരായണക്കുറുപ്പ്, സോമശേഖരൻനായർ എന്നിവർപ്രസംഗിച്ചു.

പ്രൈവററ് കോളേജധ്യാപകരുടെ സേവന-വേതനവ്യവസ്ഥകൾ മെച്ചപ്പെടുത്താനായി എ. കെ. പി. സി. ടി. എ. നടത്തിയ സുദീർഘമായ പോരാട്ടത്തിൻെറ ചരിത്രം വിവരിച്ചുകൊണ്ടാണ് പ്രൊഫ. ആർ. ആർ. സി. സ്വീകരണത്തിനു മറുപടി പറഞ്ഞത്. എല്ലാം നേടിക്കഴിഞ്ഞുവെന്ന അലസഭാവം അധ്യാപകർക്കുണ്ടാകരുതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ഇനിയും എത്രെയെങ്കിലും അവകാശങ്ങൾ നമുക്കു നേടിയെടുക്കേണ്ടതായുണ്ട്. നേടിയവയിൽത്തന്നെ പലതും നഷ്ടപ്പെട്ടിരിയ്ക്കുന്നു. അവ പുനഃസ്ഥാപിക്കാനുള്ള പരിശ്രമവും നടത്തേണ്ടിയിരിക്കുന്നു. ഇതിനൊക്കെയായി, പ്രൈവററ് കോളേജധ്യാപകർ പൊതുവിലും വനിതാ അധ്യാപകർ പ്രത്യേകിച്ചും, വർഗ്ഗബോധത്തോടെ എ. കെ. പി. സി. ടി. എ. നടത്തുന്ന സമരങ്ങളിൽ സജീവമായി പങ്കെടുക്കണമെന്ന് ആർ. ആർ. സി. അഭ്യർത്ഥിച്ചു.

എ. കെ. പി. സി. ടി. എ. പ്രസിഡൻറ് പ്രൊഫ. വി. നാരായണൻകുട്ടി, കോർപ്പറേററു മാനേജുമെൻറുകൾ യാതൊരു തത്വദീക്ഷയുമില്ലാതെ നടത്തുന്ന സ്ഥലംമാററങ്ങളെ അപലപിച്ചു. സ്ഥലംമാററങ്ങൾക്ക് തത്ത്വങ്ങൾ ആവിഷ്കരിക്കുക എന്ന ആവശ്യം നേടിയെടുക്കാൻ എ.കെ.പി.സി.ടി.എ. പ്രതിജ്ഞാബദ്ധമാണെന്ന് പ്രസിഡൻറ് പറഞ്ഞു. സ്ഥലംമാററമുൾപ്പടെയുള്ള പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് സംഘടന ആരംഭിക്കുന്ന സമരം വിജയിപ്പിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. അധ്യാപകതാല്പര്യങ്ങൾക്കു വിരുദ്ധമാംനിലയിൽ മാനേജുമെൻറിൻെറ പോക്കററ് സംഘടനയിൽ ചെന്നുപെടുന്ന അധ്യാപകരുടെ പ്രവൃർത്തികൾ ആത്മഹത്യാപരമായിരുന്നുവെന്ന് അവർ മനസ്സിലാക്കുന്നകാലംവരുമെന്നും അദ്ദേഹം പറഞ്ഞു.

സെനററംഗങ്ങളും സ്വീകരണത്തിന് നന്ദി പറഞ്ഞു. ബ്രാഞ്ചുസെക്രട്ടറി പി. എൻ. ഗംഗാധരൻ നായർ സ്വാഗതവും, ട്രഷറർ കെ. കേശവൻനായർ കൃതജ്ഞതയും രേഖപ്പെടുത്തി.

---


ജേർണൽ

പ്രസിദ്ധീകരിക്കുന്ന

**വാർഷികപ്പതിപ്പിലേക്ക്**

— ലേഖനങ്ങൾ
— കഥകൾ
— കവിതകൾ

അയയ്ക്കുക

മേൽവിലാസം

പുറംപേജിൽ


---

## GOVERNMENT OF KERALA

### ABSTRACT

Pay Revision 1978 – Physical Education Directors Grade II & I in Arts and Science Colleges – Further revision of scales of pay and change of designation – Orders issued.

### FINANCE (PRC) DEPARTMENT

G. O. Ms. No. 809/80/(249)/Fin. Dated Trivandrum, 28-10-1980.

Read:- G. O. (P) 860/78/Fin. dated 16-12-1978.

### ORDER

Based on the recommendations of the Third Kerala Pay Commission, Government in the G. O. Cited, ordered that the Lecturer in Physical Education will be redesignated as Physical Education Directors Grade II and Grade I with the revised scales of Rs. 535-950 and Rs. 700-1270 respectively. The scales of pay of Lecturers and Professors Grade II in Arts and Science subjects who were on the same scales of pay as Lecturers and Professors Grade II in Physical Education prior to the Present pay revision have been revised as Rs. 700–1270 and Rs. 910-1550 respectively. The lower scales as above, have been recommended by the Pay Commission for Physical Education teachers considering the fact that the qualifications fixed for Lecturers in Physical Education and Lecturers in Arts and Science subjects are not identical.

2. Government have considered in detail the question of restoration of parity in scales of pay and designation of the Physical Education Directors Grade II and Grade I with the corresponding Lecturers and Professors in Arts and Science subjects whicn existed prior to the present pay revision.

3. The University Regulations of both the Calicut and Kerala Universities had prescribed a higher qualification viz. "Master Degree in Physical Education or Master Degree in any subject with Post Graduate Diploma in Physical Education" for appointment as Lecturers in Physical Education long before the 1978 Pay revision, and these higher qualifications are being insisted upon for appointment in Private Colleges. But the Special Rules applicable to Government College teachers prescribe only Graduation with Diploma in Physical Education for Lecturers in Physical Education as against Post Graduate Degree in the case of the Lecturers in Arts and Science subjects. The fact that Government have not so far adopted the higher qualifications contemplated in the University Regulations should not stand in the way of Lecturers in Physical Education (now redesignated as Physical Education Director Grade II) for getting the same scale of pay as Lecturers in Arts and Science subjects. The University of Kerala has also strongly recommended restoration of parity in the pay scales. In the circumstances, Government are pleased to order as follows :-

(i) Physical Education Director Grade II and Grade I in the Arts and Science Colleges shall be redesignated as Lecturer in Physical Education and Professor Grade II (Physical Education) with the revised scales of pay of Rs. 700–1270 and Rs. 910-1550 respectively with effect from 1-7-1978.

(ii) The existing entries occurring under the heading "14 Education–Collegiate Education Department – Arts and Science Colleges" of Annexure II, Page 19 of the G O. read above shall be modified as follows:–

| Designation of Post | Existing Scale of pay | Revised Scale of pay |
|---|---|---|
| Professor Grade II in Physical Education | 710–1200 | 910–1550 |
| Lecturer in Physical Education | 510–995 | 700–1270 |

4) The Special Rules will be suitably amended to provide for the higher qualifications prescribed in the University Regulations, for Physical Education Teachers in Government Colleges.

5. The question of granting exemption, if necessary for the existing personnel in Government Colleges from possessing the higher qualification to be prescribed, will be examined separately and necessary orders issued.

by Order of the Governor,
S. PADMAKUMAR
Special Secietary (Finance)

To

The Accountant General, Kerala, Trivandrum.
The Higher Education Department.
The Director of Collegate Education.

Forwarded/By Order,
Accounts Officer.

## പ്രചാരണങ്ങളുടെ പോക്ക്

ഫിസിക്കലെഡ്യൂക്കേഷൻ അധ്യാപകരുടെ മുൻനില പുന:സ്ഥാപിച്ചത്, എ.കെ.പി.സി.ടി.എ. നിരന്തരം നടത്തിയ സമരപരിപാടികളുടെ ഫലമായിട്ടാണ്. 15-10-80ന് ഗവൺമെൻറു വിളിച്ചുകൂട്ടിയ സംഘടനാപ്രതിനിധികളുമായുള്ള കോൺഫറൻസിൽവച്ചാണ് ഈ പ്രശ്നം പരിഹരിക്കപ്പെട്ടത്. ഒരു കാററഗറിസംഘടന തട്ടികൂട്ടി നേതൃത്വം ചമഞ്ഞ് ഫിസിക്കലെഡ്യൂക്കേഷൻ അധ്യാപകരുടെ പ്രശ്നം പരിഹരിക്കാനിറങ്ങിത്തിരിച്ച ചിലരുണ്ടു്. അവരെ 15–ാംതീയതിയിലെ ചർച്ചയിലേയ്ക്കായി ഗവൺമെൻറ് ക്ഷണിച്ചതുപോലുമില്ല. എന്നിട്ടും ഈ കാററഗറി നേതാക്കൻമാർ നോട്ടീസുകളും പത്രപ്രസ്താവനകളുമിറക്കി നേട്ടങ്ങൾ അവരുടേതാണെന്നു വരുത്താനുള്ള വിഫലശ്രമം നടത്തുന്നുണ്ട്. അവരുടെ സർക്കുലറിൽ 25–10–80–ൽ ആക്ഷൻ കമ്മററികൂടി 28–10–80ൽ ഗവൺമെൻറ് പുറപ്പെടുവിച്ച ഓർഡറിൻെറ വെളിച്ചത്തിൽ സമരപരിപാടികൾ റദ്ദാക്കിയിരിക്കുന്നതായി അറിയിച്ചിരിക്കുന്നു! പ്രചാരണങ്ങളുടെ പോക്ക്! ഇവർ മാത്രമല്ല. ഇതുപോലിനിയും പലവേഷങ്ങളും രംഗത്തുവരും. കാത്തിരിക്കുക.

# ജില്ലകളിൽനിന്ന്

## തൃശൂർ

എ. കെ. പി. സി. ടി. എ. ആരംഭിക്കുന്ന സമരം തൃശൂർ ജില്ലയിൽ പൂർണ്ണ വിജയത്തിലെത്തിക്കാൻ ജില്ലാ കൗൺസിൽ യോഗം തീരുമാനിച്ചു. നവമ്പർ നാലാം തീയതി ബിനിടൂറിസ്റ്റ് ഹോമിൽ കൂടിയ കൗൺസിൽ യോഗത്തിൽ പ്രസിഡൻറ് കെ. എസ് ശംഭുദേവൻ അധ്യക്ഷതവഹിച്ചു. സംഘടന ആരംഭിക്കുന്ന സമരത്തിൻെറ പ്രാധാന്യം വിശദീകരിച്ചുകൊണ്ട് സംസ്ഥാന സെക്രട്ടറി തോളൂർ ശശിധരൻ സംസാരിച്ചു. പ്രൊഫ. ജോർജ് മേനാച്ചേരി, ടി. വി. ജെയിംസ്, ഗോപാലകൃഷ്ണൻ, ദിവാകരൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. സമരപ്രചാരണപരിപാടിയുടെ ഭാഗമായി ജില്ലാഭാരവാഹികൾ നവമ്പർ രണ്ടാം വാരത്തിൽ കോളേജുകൾ സന്ദർശിക്കണമെന്ന് കൗൺസിൽ തീരുമാനിച്ചു. ജീപ്പു പ്രചാരണ ജാഥകൾ വിജയിപ്പിക്കാനും, വിപുലമായ തോതിൽ ജില്ലാകൗൺവെൻഷൻ നടത്തുവാനുമുള്ള പരിപാടികൾക്കും കൗൺസിൽ രൂപം നൽകി.

കേരള—കാലിക്കട്ട് സർവ്വകലാശാലകളിലെ ഭരണസമിതികളിലേയ്ക്കു നടന്ന തെരഞ്ഞെടുപ്പുകളിൽ വിജയിച്ച സംഘടനാസ്ഥാനാർത്ഥികൾക്ക് ജില്ലാകൗൺസിലിൻെറ ആഭിമുഖ്യത്തിൽ നവമ്പർ മൂന്നാം വാരത്തിൽ സ്വീകരണം നൽകുന്നതിനും യോഗം തീരുമാനിച്ചു. ജില്ലാപ്രസിഡൻറ് ശംഭുദേവനേയും സെക്രട്ടറി പത്മനാഭനേയും സ്വീകരണത്തിനായുള്ള പ്രാരംഭനടപടികൾ ചെയ്യാൻ ചുമതലപ്പെടുത്തി. കഴിഞ്ഞജില്ലാകൗൺസിലിൻെറ റിപ്പോർട്ട് സെക്രട്ടറി അവതരിപ്പിച്ചത് യോഗം പാസ്സാക്കി.

## തിരുവനന്തപുരം

ജില്ലാ കൗൺസിൽ നവമ്പർ 2—ാംതീയതി ക്യാപിറേറാൾ ടൂറിസ്റ്റ്ഹോമിൽ കൂടി. പ്രസിഡൻറ് പ്രൊഫ. എൽ. ജി. വർഗ്ഗീസ് അധ്യക്ഷതവഹിച്ചു. തുമ്പ സെൻറ് സേവിയേഴ്സ് കോളേജിൽ പുതുതായി ആരംഭിച്ച ബ്രാഞ്ചിൻെറ പ്രതിനിധികളുൾപ്പടെ മിക്ക ബ്രാഞ്ചുകളിൽ നിന്നും അംഗങ്ങൾ പങ്കെടുത്തിരുന്നു. സംഘടന ആരംഭിക്കുന്ന സമരത്തിൻെറ വിശദവിവരങ്ങൾ ജില്ലാസെക്രട്ടറി പ്രൊഫ. രവീന്ദ്രൻ നായർ വിശദീകരിച്ചു. ജില്ലയിലെ കോളേജുകളിൽ സമരം പൂർണ്ണവിജയമാക്കിത്തീർക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഓരോ ബ്രാഞ്ചിൽ നിന്നും എത്തിയവർ സംസാരിച്ചു. ജില്ലാകൺവൻഷൻ ഉൾപ്പെടെയുള്ള പരിപാടികൾക്ക് കൗൺസിൽ രൂപം നൽകി.

## ഓണക്കൂറിന് സ്വീകരണം

എ. കെ. പി. സി. ടി. എ. യിലെ സജീവാംഗമായ പ്രൊഫ. ജോർജ് ഓണക്കൂറിന്, സാഹിത്യ അക്കാദമി അവാർഡു ലഭിച്ചതിൽ അനുമോദിക്കാനായി ജില്ലാകൗൺസിലിൻെറ ആഭിമുഖ്യത്തിൽ സ്വീകരണം നൽകാനും യോഗം തീരുമാനിച്ചു.

---

## അനുമോദനം

പന്തളം എൻ. എസ്. എസ്. കോളേജ് ഇക്കണോമിക്സ് പ്രൊഫസർ. ജി. കരുണാകരൻപിള്ള ധനതത്വശാസ്ത്രത്തിൽ ഡോക്ടർ ബിരുദം നേടിയതിൽ കോളേജിലെ എ. കെ. പി. സി. ടി എ ബ്രാഞ്ച്, യോഗം ചേർന്ന് അനുമോദിച്ചു. ബ്രാഞ്ചു പ്രസിഡൻറ് എം. ആർ. വാസുദേവൻപിള്ള അധ്യക്ഷതവഹിച്ച യോഗത്തിൽ പ്രിൻസിപ്പൽ പി. സി. മേനോൻ, പ്രൊഫ. ചെറുകുന്നം പുരുഷോത്തമക്കുറുപ്പ്, പ്രൊഫ. കെ. എസ്. കൃഷ്ണൻനായർ, പ്രൊഫ. വി. എൻ. പരമേശ്വരൻപിള്ള, കെ. സദാശിവൻനായർ എന്നിവർ പ്രസംഗിച്ചു.



കോഴിക്കോട് കളക്ടറേററിനു മുമ്പിൽ സെപ്ത: 24 ന് നടന്ന ധർണ. ജില്ലാസെക്രട്ടറി കെ. പി. ആർ. മേനോൻ ധർണയിൽ പങ്കെടുത്തവരോട് സംസാരിക്കുന്നു.


For Comfortable Stay

# KAYCEES

## the most modern and luxurious lodge

Y. M. C. A. Road, KOTTAYAM

Phone : 3440

kerala private [illegible] er
a. k. p. c. t. [illegible] ില്ലാ കൗൺസ [illegible]
vol. 3
No: 23
Registered. No: KL/TV/23

20·3·81
R.L.O.
TRIVANDRUM
DE

കേരള
പ്രൈവററ് കോളേജ് ടീച്ചർ
# വാർഷികപ്പതിപ്പ്

1981 മാർച്ചിൽ പ്രസിദ്ധീകരിക്കുന്നു.

आर. एल. ओ.
R. L. O.
त्रिवान्द्रम
24·11·80
TRIVANDRUM

## Rate of Advertisement

| | |
|---|---|
| Cover page (Back) | Rs. 1[illegible] |
| Cover page (Inside) | Rs. 600 |
| Full page | Rs. 40[illegible] |
| Half page | Rs. 2[illegible] |

Size: One fourth Demmy.

RECEIVED O[illegible] LN/TORN
MANAGER, R. L. O. TRIVANDRUM

വിശദവിവരങ്ങൾക്ക്:

ചീഫ് എഡിററർ
കേരള പ്രൈവററ് കോളേജ് ടീച്ചർ
'വസന്തം'
കേശവദാസപുരം
തിരുവനന്തപുരം-4.

printed and published by prof. v. narayanan kutty, at chempaka printers, trivandrum-4.
chief editor: v. n. murali.